വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനുള്ള പദ്ധതി.

* 600. [15] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്കംമൂലം നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് വെള്ളപ്പൊക്കം നിയന്ത്രിക്കത്തക്ക വണ്ണം എന്തെങ്കിലും പദ്ധതി ഗവണ്മെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവമെന്താണ് ;

(സി) കുട്ടനാട്ടിന്റെ പ്രത്യേകസ്ഥിതിയെ പരിഗണിച്ച് ആ പ്രദേശത്തെ വെള്ളപ്പൊക്ക നിയന്ത്രണത്തിനു വല്ല പ്രത്യേക ഏർപ്പാടുകളും ചെയ്യാൻ നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) ഉണ്ട്.

(ബി) ജലസംഭരണത്തിനുള്ള ജലാശയങ്ങൾ നിർമ്മിക്കുക, നദികളുടെ കരകളിൽ താഴ്ന്ന പ്രദേശങ്ങളിൽ വരമ്പുണ്ടാക്കുക, പുലിമുട്ടുകൾ കെട്ടുക, നികന്നുപോയ പ്രദേശങ്ങളിൽ നദികളിലെ ആഴവും വീതിയും വർദ്ധിപ്പിക്കുക എന്നിവയാണ്.

(സി) ഉണ്ട്.

ശ്രീ. എം. എം. മത്തായി : നമ്മുടെ രാജ്യത്തെ നദികളുടെ പ്രത്യേക പരിതഃസ്ഥിതികളെ പരിഗണിച്ച് ആറിൻ തീരങ്ങൾ വെള്ളപ്പൊക്ക കാലത്തു ധാരാളമായി ഇടിഞ്ഞുപോകുന്നുണ്ട്. അവിടെ പെറിയ പുലിമുട്ട് കെട്ടി ആറിൻ തീരങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നദികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഗവണ്മെന്റിലേക്ക് അയച്ചിട്ട് അതിനുവേണ്ടി സെൻട്രൽ ഫണ്ടിംഗ് കമ്മീഷന്റെ അനുവാദം കിട്ടിയിട്ടില്ലെന്നു പറഞ്ഞ് എൻജിനീയർമാർ നിസ്സഹായത പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. ആ ലപ്പഴ ഡി. ഡി. സി. തന്നെ അതിലേക്കുവേണ്ടി ഒരു പ്രത്യേക പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ട്. സെൻട്രൽ ഫണ്ടിംഗ് കമ്മീഷന്റെ അനുവാദം കിട്ടാത്തപക്ഷം ഈ സ്റ്റോറിന്റെ പണം ചെലവാക്കി ഇത്തരം പ്രവൃത്തികളും നടത്തുന്നതിനു വേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പ്ലാൻപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വർക്കുകളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അങ്ങനെയുള്ള വർക്കുകൾക്കു അംഗീകാരം കിട്ടേണ്ടതായിട്ടുണ്ട്. മൂന്നാംപദ്ധതിക്കാലത്തു ആകെ നമുക്കു 61 ലക്ഷം രൂപ മാത്രമാണു ഫണ്ടിംഗ് കൺട്രോൾ വർക്കുകൾക്കു അനുവദിച്ചു തന്നിട്ടുള്ളത്. അതു വളരെ അപര്യാപ്തമായ തുകയാണ്. ഇതിനുവേണ്ടി കൂടുതൽ തുക അനുവദിക്കണമെന്നു കേന്ദ്രഗവണ്മെന്റിനോടു നിവേദനം സമർപ്പിച്ചു ആവശ്യപ്പെടുകയുണ്ടായിട്ടുണ്ട്. അതുപോലെതന്നെ കേന്ദ്രഗവണ്മെന്റിന്റെ അനുവാദത്തോടുകൂടി മാത്രമേ പെറിയ വർക്കുകൾ തുടങ്ങുവാൻ പാടുള്ളു എന്നുള്ള നിബന്ധന നീക്കം ചെയ്യണമെന്നുള്ള ആവശ്യവും കേന്ദ്രഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്. ഏതായാലും ഇതിനെ സംബന്ധിച്ചു ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു പദ്ധതി തയ്യാറാക്കുന്നതിനുവേണ്ട നടപടികളും ഗവണ്മെന്റ് എടുത്തിട്ടുണ്ട്. ഒരു ലാംഗ് റേഞ്ച് ഔട്ട്ലൈൻ എന്നുള്ള നിലയിൽ നദീതടങ്ങളിൽ പ്രത്യേകമായ അന്വേഷണം നടത്തി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിനു 23 കോടി രൂപയോളം ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ പ്ലാൻ ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : വളപട്ടണം പുഴയുടെ തീരത്തു സ്ഥിതിചെയ്യുന്നതും വളരെ നാശനഷ്ടമുണ്ടാക്കുന്നതുമായ പൊയ്യും, ആന്തൂർ, നാറാത്തു് എന്നീ പ്രദേശങ്ങളിൽ എല്ലാ വർഷവും കരയിടിയുന്നതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ചെറിയ വരമ്പുകൾ കെട്ടുന്നതിന് ഒരു പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ട് മൂന്നുവർഷത്തിലധികമായി. അതേ സംബന്ധിച്ച് വല്ല നടപടിയും എടുത്തിട്ടുണ്ടോ ; അടുത്ത വെള്ളപ്പൊക്കത്തിനു മുൻപെങ്കിലും അതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതിനു് ഇന്നു ബുദ്ധിമുട്ടുണ്ട്. എങ്കിലും ഈ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പ്രത്യേകമായി പെടുത്തിയാൽ ഇതേ സംബന്ധിച്ച് എന്തു ചെയ്യാൻ സാധിക്കുമെന്നുള്ള കാര്യം പരിശോധിച്ചുനോക്കാം.

ശ്രീ. ഈ. പി. ഗോപാലൻ : ഫ്ളഡ് കൺട്രോളിന്റെ കാര്യത്തിനു വേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ കോഴിക്കോട്, കണ്ണൂർ ജില്ലകളിലേക്കായി മാറ്റിവച്ചിട്ടുള്ള പണം അവിടങ്ങളിലേക്കുവേണ്ടി ചെലവഴിച്ചിട്ടില്ലെന്നും അതു് മറ്റു സ്ഥലത്തേക്കുവേണ്ടി മാറ്റി ചെലവാക്കിയെന്നും ഒരാക്ഷേപം കേൾക്കുന്നതു ശരിയാണോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെയൊരാക്ഷേപമുണ്ടാകാൻ വഴിയില്ല. നമ്മുടെ ഈ പദ്ധതിയിൽ കൊള്ളിക്കുന്നതായ പല പദ്ധതികളുടേയും പ്രവർത്തനം ധനദൌർല്ലഭ്യംകാരണം ഇപ്പോൾ തുടരാൻസാധിക്കാതിരിക്കുകയാണു്. കോഴിക്കോട്, കണ്ണൂർ ജില്ലകളെ സംബന്ധിച്ചുള്ള പ്രത്യേകമായ വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഇവിടെ ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം എപ്പോഴും സെൻട്രലിന്റെ അനുവാദമില്ല, അനുവാദത്തിനു് എഴുതിയിട്ടുണ്ടു്, മറുപടി വരട്ടെ എന്നാണു് മറുപടി പറയുന്നതു്. ഈ സെൻട്രലിന്റെ അനുവാദമില്ലാതെ നമുക്കു് വല്ലതും ചെയ്യാൻ സാധിക്കുമോ, ചെയ്യുന്നതുകൊണ്ടും വല്ലതുമുണ്ടോ എന്നുള്ള കാര്യമെങ്കിലുമറിഞ്ഞു് ഗവണ്മെൻറു് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : പ്ലാൻ തയ്യാറാക്കി അതനുസരിച്ചു് പ്രവൃത്തി നടത്തുമ്പോൾ ഇങ്ങനെ കുറേ വിഷമങ്ങളുണ്ടാകും. കേന്ദ്രഗവണ്മെൻറിൽനിന്നും ലോണോ ഗ്രാന്റോ കിട്ടേണ്ടതായ വകുപ്പുകളെ സംബന്ധിച്ചിടത്തോളം പ്രത്യേകമായും അവരുടെ അനുവാദം വാങ്ങേണ്ടതായിവരും. നമുക്കുതന്നെ നടത്തുന്നതിനുള്ള റിസോഴ്സ് ഉണ്ടെങ്കിൽ അവരുടെ സമ്മതവും അംഗീകാരവുമില്ലാതെ നടത്താൻ സാധിക്കും, പക്ഷേ ഫ്ളഡ് കൺട്രോൾ വകുപ്പുകളെ സംബന്ധിച്ചിടത്തോളം വളരെയധികം വകുപ്പുകൾ നടത്തേണ്ടതായിട്ടുണ്ടു്. അതു മുഴുവനും സ്റ്റേറ്റു ഗവണ്മെൻറിനു് ഏറ്റെടുത്തു നടത്താനുള്ള റിസോഴ്സ് ഇല്ല. അതുകൊണ്ടാണു് സഹായം ആവശ്യപ്പെടുന്നതു്.

Mr. Speaker : Question No. 16 has already been answered. Next question.

നേഴ്സിംഗ് ടെയിനികളുടെനേരെ സാംബൽപൂർ റെയിൽവേസ്റ്റേഷനിൽവച്ചുണ്ടായ കൈയേറ്റം.

601. [17] * ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 7-12-1963-ൽ ഒറീസ്സായിലെ ബിർലാ മെഡിക്കൽ കോളേജിൽനിന്നും മടങ്ങുന്ന നേഴ്സിംഗ് ടെയിനികളുടെ നേരെ സാംബൽപൂർ റെയിൽവേസ്റ്റേഷനിൽവച്ചുണ്ടായ കൈയേറ്റത്തെപ്പറ്റി ആവലാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ സംഭവത്തെപ്പറ്റി എന്തു നടപടി നടത്തി ;

(സി) കേരള ഗവണ്മെൻറിന്റെ അനുവാദത്തോടുകൂടി ഒറീസ്സായിൽ പോയിട്ടുള്ള ഈ നേഴ്സിംഗ് ടെയിനികൾക്കു് ഇതുപോലുള്ള അനുഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നു ഒറീസ്സാ ഗവണ്മെൻറിനോടു് ആവശ്യപ്പെടുമോ ?

* Put by Shri R Balakrishna Pillai

LIBRARY ARCHIVES Kerala Legislative Assembly